ഗവണ്മെൻറ ഡിപ്പാർട്ടുമെൻറുകളിലെ ട്രാൻസ്പോർട്ടിംഗ് വക്കുകൾ.

* 126. [34] ശ്രീ. കെ. ചന്ദ്രശേഖരൻനായർ: താഴെ പറയുന്ന ചോദ്യത്തിന് മരാമത്തുവകുപ്പുമന്ത്രി സഭാപടലിൽ മറുപടി പറയുമോ:

ഗവണ്മെൻറ ഡിപ്പാർട്ടുമെൻറുകളിലെ ട്രാൻസ്പോർട്ടിംഗ് വക്കുകൾ ഗസറ്റുമുഖേന പരസ്യപ്പെടുത്താതെ നിലവിലുള്ള കരാറുകാർക്കുതന്നെ നടത്തിവരുന്ന സമ്പ്രദായം നിറുത്തുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. കെ. വേലായുധൻ): ഗവണ്മെൻറ് ഡിപ്പാർട്ടുമെൻറിലെ ട്രാൻസ്പോർട്ട് വക്കുകൾ ഗസറ്റുമുഖേന പരസ്യപ്പെടുത്താറുണ്ട്. അങ്ങനെ പരസ്യപ്പെടുത്താതെ നിലവിലുള്ള കരാറുകാർക്ക് കരാർ കൊടുക്കാറില്ല.

ശ്രീ. ടി. കെ. ദിവാകരൻ: എത്ര രൂപവരെയുള്ള വർക്കുകളാണ് ടെൻഡർ വിളിക്കുന്നത്.

ശ്രീ കെ കെ. വേലായുധൻ: സാധാരണ എല്ലാ വർക്കുകൾക്കും ടെൻഡർ വിളിക്കുകയാണ് പതിവ്.

ശ്രീ. ടി. കെ. ദിവാകരൻ: സാധാരണയായി കരാർ കൊടുത്തശേഷം നോട്ടീസ് ആഫീസിൻറെ മുമ്പിൽ ഒട്ടിക്കുകയാണ് പതിവെന്ന് അറിയാമോ?

ശ്രീ. കെ. കെ. വേലായുധൻ: അങ്ങനെയല്ല. ഗസറ്റിൽ പരസ്യപ്പെടുത്തിയശേഷവും ഓഫീസിൽ പരസ്യപ്പെടുത്തിയ ശേഷവും നോട്ടീസ് ഒട്ടിച്ചതിനുശേഷവും മാത്രമേ ടെൻഡർവിളിക്കാറുള്ളൂ.

പുതിയ മിഡ്ൽസ്കൂളുകൾ.

* 127. [35] ശ്രീ. കെ. എസ്. കൃഷ്ണൻനായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭാപടലിൽ മറുപടി നൽകുമോ:

(എ) 1955-56 സ്കൂൾ വർഷത്തിൽ പുതിയ മിഡ്ൽസ്കൂളുകൾ തുടങ്ങുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചിരുന്നു;

(ബി) അവയിൽ എത്ര സ്കൂളുകൾക്ക് അനുവാദം നൽകി;

(സി) അനുവാദം നൽകിയിട്ടുള്ള സ്കൂളുകളിൽ പിന്നാക്കസമുദായങ്ങളുടെയോ, വ്യക്തികളുടെയോ പേരിൽ ഏതെങ്കിലും സ്കൂളുകളുണ്ടോ;

(ഡി) ഇല്ലെങ്കിൽ കാരണമെന്ത്?

മുഖ്യമന്ത്രി (ശ്രീ. പറവൂർ ഗോവിന്ദമേനോൻ): (എ) 1955-56-ൽ പുതിയ മിഡിൽസ്കൂൾ തുടങ്ങുന്നതിനു 182 അപേക്ഷകൾ ലഭിച്ചിരുന്നു.

(ബി) 60 സ്കൂളുകൾ തുടങ്ങുവാനുള്ള അനുവാദംകൊടുത്തു.

LIBRARY ARCHIVES Kerala Legislative Assembly